# കേരള സംസ്ഥാന മനുഷ്യാവകാശകമ്മീഷൻ

ഹാജർ : കെ.ബൈജുനാഥ്,
ജുഡീഷ്യൽ അംഗം

**എച്ച്.ആർ.എം.പി. നമ്പർ : 2087/11/12/2023/ TVM**

പരാതികക്ഷി : എം.വത്സല,ആയൂർക്കോണം രേവതി ഭവൻ
പേരൂർക്കട, തിരുവനന്തപുരം

എതിർകക്ഷികൾ : ജയകുമാർ,ആയൂർക്കോണം ലതികാ ഭവൻ
പേരൂർക്കട, തിരുവനന്തപുരം
മുതൽപേർ

**ഉത്തരവ് തീയതി 09.05.2024**

പരാതിക്കാരിയുടെ ഭർത്താവ് മരണപ്പെട്ടതായും, ടിയാൾ വീട്ടു ജോലി ചെയ്താണ് ജീവിക്കുന്നതെന്നും, എതിർകക്ഷികൾ മദ്യപിച്ചുവന്ന് പരാതിക്കാരിയെ ചീത്തവിളിക്കുന്നത് പതിവാണെന്നും, പേരൂർക്കട പോലീസ് സ്റ്റേഷനിൽ നൽകിയ കള്ളപരാതിയിന്മേൽ പോലീസ് സ്റ്റേഷനിൽ തന്നെ വിളിപ്പിച്ച് മോശമായി പെരുമാറിയെന്നും, പേരൂർക്കട പോലീസിൽ നിന്നും നീതി ലഭിക്കാത്തതിനാൽ കൻേറാൺമെൻറ് അസി.കമ്മീഷണർക്ക് പരാതി നൽകുകയുണ്ടായതായും, ഇപ്പോഴും തൻെറയും മക്കളുടെയും പേരിൽ എതിർകക്ഷി ജയകുമാർ കള്ള പരാതികൾ കൊടുത്ത് ബുദ്ധിമുട്ടിക്കുന്നതായും, പെൺമക്കളെ വിവാഹം കഴിപ്പിച്ചു വിട്ട വീടുകളിൽ പോയി പറയുമെന്ന് പറഞ്ഞ് നിരന്തരം തങ്ങളെ ഭീഷണിപ്പെടുത്തുന്നതായും മറ്റുമാണ് പരാതി സംഗതി.

പരാതി വിഷയത്തിൽ കൻേറാൺമെൻറ് അസി.കമ്മീഷണർ ഒരു അന്വേഷണ റിപ്പോർട്ട് സമർപ്പിച്ചു. അന്വേഷണത്തിൽ പരാതികക്ഷിയും എതിർകക്ഷിയും അടുത്തടുത്ത് താമസിക്കുന്നവരാണെന്നും, ഇരുകക്ഷികളും നിസ്സാര കാര്യങ്ങൾക്ക് പരസ്പരം വഴക്കും വാക്കു തർക്കങ്ങളും ഉണ്ടാകാറുണ്ടെന്നും, എതിർകക്ഷിയെ വിളിച്ച് താക്കീത് നൽകിയാൽ മതിയെന്നും തുടർന്നും മറ്റ് ശല്യങ്ങൾ എതിർകക്ഷിയുടെ ഭാഗത്തു നിന്നും ഉണ്ടാവുകയാണെങ്കിൽ നിയമനടപടി സ്വീകരിച്ചാൽ മതിയെന്നും, ടിയാളുടെ വീട്ടിൽ CCTV സ്ഥാപിച്ചിട്ടുണ്ടെന്നും പരാതിക്കാരി അറിയിച്ചിട്ടുള്ളതിനാൽ ടി പരാതിയിന്മേൽ ഇരുകക്ഷികളെയും വിളിപ്പിച്ച് സംസാരിച്ചിട്ടുള്ളതും, ഇരുകക്ഷികളോടും പരസ്പരം സൗഹൃദമായി താമസിക്കുന്നതിനും സ്ഥലത്ത് മറ്റ് പ്രശ്നങ്ങൾ ഉണ്ടാകരുതെന്നും എതിർകക്ഷിയോട് പരാതികക്ഷിക്ക് ബുദ്ധിമുട്ട് ഉണ്ടാക്കുന്ന യാതൊരു പ്രവർത്തിയും

ടിയാൻെറ ഭാഗത്തു നിന്നും ഉണ്ടാകരുതെന്ന് കർശനമായി താക്കീത് നൽകിയിട്ടുള്ളതുമാണെന്നും റിപ്പോർട്ടിൽ കാണുന്നു.

റിപ്പോർട്ടിന്മേൽ പരാതികക്ഷി ആക്ഷേപം സമർപ്പിച്ചു. എതിർകക്ഷിയെ വിളിച്ച് താക്കീത് നൽകിയതിനുശേഷവും ടിയാൻെറ ഭാഗത്തു നിന്നും നിരന്തരം ഭീഷണിയും ചീത്തവിളിയും ഉണ്ടാകാറുണ്ടെന്നും, മാനസിക ബുദ്ധിമുട്ട് ഉണ്ടാക്കുന്ന തരത്തിൽ അപവാദ പ്രചാരണം നടത്തുന്നതായും പരാതികക്ഷി ആക്ഷേപത്തിൽ പറയുന്നു.

പരാതിയും റിപ്പോർട്ടും കമ്മീഷൻ പരിശോധിക്കുകയും ഹർജികക്ഷിയെ നേരിൽ കേൾക്കുകയും ചെയ്തു. *പരാതിക്കാരിയുടെ സ്വൈര്യജീവിതത്തിന് എന്തെങ്കിലും തടസ്സം ഉണ്ടായാൽ ആ വിവരം കാണിച്ച്* കൻേറാൺമെൻറ് അസി.കമ്മീഷണർക്ക് *പരാതി നൽകേണ്ടതും പരാതി ലഭിക്കുന്നപക്ഷം പരാതിക്കാരിക്ക് ആവശ്യമായ* സംരക്ഷണം നൽകണമെന്ന് കമ്മീഷൻ കൻേറാൺമെൻറ് അസി.കമ്മീഷണറോട് ശുപാർശ ചെയ്തുകൊണ്ട് പരാതി അവസാനിപ്പിക്കുന്നു.

ഉത്തരവിൻെറ പകർപ്പ് കൻേറാൺമെൻറ് അസി.കമ്മീഷണർ, പരാതിക്കാരി എന്നിവർക്ക് അയച്ചുകൊടുക്കേണ്ടതാണ്.

ഒപ്പ്
**കെ.ബൈജുനാഥ്**
**ആക്ടിംഗ് ചെയർമാൻ & ജുഡീഷ്യൽ അംഗം**

//ശരിപ്പകർപ്പ്//

രജിസ്ട്രാർ